## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1936 — 04.05. 2017 ൽ മറുപടിക്ക്

# വൈദ്യുതി ഭവനിൽ അഞ്ചു വർഷത്തിലേറെയായി സ്ഥലംമാറ്റമില്ലാത്ത ജീവനക്കാർ


ചോദ്യം

ശ്രീ.കെ.കൃഷ്ണൻകുട്ടി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) വൈദ്യുതി ഭവനിൽ അഞ്ചു വർഷത്തിലേറെയായി സ്ഥലം മാറ്റമില്ലാതെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണ്; | (എ) 870 ജീവനക്കാർ |
| (ബി) ഇങ്ങനെ സ്ഥലംമാറ്റമില്ലാതെ തുടർച്ചയായി തുടരാൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കാമോ; | (ബി) ഓഫീസർമാരേയും വർക്ക്മെൻ വിഭാഗത്തിൽ വരുന്ന ജീവനക്കാരേയും അതാത് വിഭാഗത്തിന് ബാധകമായ സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക വിധേയമായാണ് പൊതു സ്ഥലം മാറ്റം നടത്തുന്നത്. ഓരോ വർഷവും പൊതു സ്ഥലമാറ്റത്തിനായി വരുന്ന അപേക്ഷകൾ പരിഗണിച്ച് സ്റ്റേഷനിലെ സീനിയറായ ജീവനക്കാരെയാണ് ആവശ്യാനുസരണം സ്ഥലം മാറ്റുന്നത്.<br>വൈദ്യുതി ഭവനിൽ തന്നെ വിവിധ വിഭാഗങ്ങളിൽ 100-ൽപരം സെക്ഷനുകളും, ഓഫീസുകളും ഉണ്ട്. മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ വൈദ്യുതിഭവനിൽ തുർച്ചയായി 5 വർഷത്തിലേറെക്കാലമായി ജോലി ചെയ്യുന്നുണ്ടെങ്കിലും, ഇന്റേണൽ അറേഞ്ച്മെന്റിൽ കൂടി വൈദ്യുതി ഭവൻ വിവിധ ഓഫീസുകളിലേക്ക് സ്ഥലം മാറ്റപ്പെടാറുണ്ട്. |
| (സി) ഈ ജീവനക്കാരെ പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ജീവനക്കാരെ പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റുന്നത്. |

സെക്ഷൻ ഓഫീസർ